(നന്ദിപൂർവ്വം ഇ-മലയാളിക്ക്)

# നന്ദി പേടകം

## സുധീർ പണിക്കവീട്ടിൽ




എൻെറ നന്ദി പേടകം ശൂന്യമാണ്. നന്മകൾ മാത്രം ചെയ്തിട്ടും അതിൻെറ ഫലം അനുഭവിച്ചവർ ഒരു നന്ദി പോലും പറഞ്ഞില്ല. അത് സാരമില്ല. ഫലം പ്രതീക്ഷിക്കാതെ കർമ്മം ചെയ്ത് കൊണ്ടിരിക്കുന്നതിൽ ഞാൻ ആനന്ദം കൊണ്ടു. എന്നാൽ ഒരു "നന്ദി" പോലുമില്ലാത്ത ഈ പേടകം എന്തിനു സൂക്ഷിക്കുന്നു എന്ന് കരുതി അത് കളയാനെടുത്തപ്പോൾ അതിനുള്ളിൽ ഒരു പാമ്പ്. പാമ്പിനെ കളയാൻ നോക്കിയപ്പോൾ അത് പോകില്ലെന്ന് പറയുന്നു. പാമ്പ് സംസാരിക്കുകയെന്ന് പറഞ്ഞാൽ സംഗതി ഗൗരവമാണ്. പറുദീസ നഷ്ടപ്പെടാൻ പോകുന്നു എന്നതിൻെറ സൂചനയാണ്. എന്നിൽ അത് ഒരു ഉൾകിടിലം ഉണ്ടാക്കി.. പാമ്പിൻെറ ഭാഷ മലയാളമായത് കൊണ്ട് ആശയവിനിമയം സുഗമമായിരുന്നു. ഏദൻ തോട്ടത്തിൽ വച്ച് പാമ്പ് സംസാരിച്ച ഭാഷ മലയാളമായിരുന്നു. അത് കൊണ്ടാണ് അത് ശ്രേഷ്ഠഭാഷയായത്. അതും പാമ്പിൻെറ ചതിയായിരുന്നുവത്രെ. വാസ്തവത്തിൽ വളരെ നിഗൂഢതയുള്ള ഒരു ഭാഷ വേറേയില്ലെന്ന് അറിയുന്ന പാമ്പ് കള്ളന്മാർക്ക് കാശുണ്ടാക്കാൻ അതിനെ ശ്രേഷ്ഠഭാഷയാക്കിയതാണു. ഈ ഭാഷയിലാണു സാധാരണ തട്ടിപ്പുകളും, നാനാർഥങ്ങളും ഉള്ളത്. ചില കാര്യങ്ങൾ കേട്ട് നമ്മൾ വിശ്വസിക്കുകയും പിന്നെ വഞ്ചിക്കപ്പെടുകയും ചെയ്യുന്നു. അത് ഭാഷയുടെ കളി. പൂവ്വാലന്മാരെപോലെ വേലിക്കരികിൽ നിന്ന് ഹവ്വയെ നോക്കി പാമ്പ് ചോദിച്ച് പോലും" ഹവ്വമ്മേ, ഒരു ആപ്പിൾ വേണോടി" "അയ്യോ ചേട്ടാ അത് തിന്നാൻ പാടില്ല". കുഴപ്പമില്ല കൊച്ചേ നീ തിന്നോ". എന്തെങ്കിലും വന്നാലോ? ഒന്നും വരുകയില്ല. ഇപ്പോഴും കാമുകി-കാമുകന്മാർ തമ്മിൽ ഉള്ള സംസാരത്തിനു ആ സംഭാഷണത്തിൻെറ ഒരു സാദ്രുശ്യമുണ്ട്. പാമ്പ് ഭാഷയുടെ വക്രത ഉപയോഗിച്ച് പാവം ഹവ്വയെ വഞ്ചിച്ചു. ആദി മാതാവിനെ ചതിച്ച ഭാഷയായത്കൊണ്ടാണു അതുപയോഗിക്കുന്ന നാട്ടിൽ തന്നെ അതിൻെറ നില നിൽപ്പ് പരുങ്ങലിലായത്. അമേരിക്കൻ മലയാളികൾ മലയാളഭാഷയോട് കൂറും സ്നേഹവും പുലർത്തുന്നത്കൊണ്ട് അവരൊക്കെ എഴുത്തുകാരായതും പാമ്പിൻെറ കൗശലമായിരിക്കം.

എൻെറ പേടകത്തിലെ പാമ്പിനോട് ഞാൻ അപേക്ഷിച്ചു. "പൊന്നു പാമ്പേ എന്നെ വെറുതെ വിടൂ. ഞാൻ ഒരു ദ്രോഹവും ചെയ്തില്ലല്ലൊ. പിന്നെന്തിനാണു എൻെറ പേടകത്തിൽ കയറിയിരിക്കുന്നത്. പ്രത്യേകിച്ച് അമേരിക്കയിൽ ഈ വാരത്തിലെ ഒരു ദിവസം നന്ദി പറയാനുള്ളതാണു. ആരുമറിയതെ കഴിഞ്ഞ നിങ്ങളെ ജനമദ്ധ്യത്തിലേക്ക് കൊണ്ട് വന്നതിനു എന്നോട് നന്ദി കാണിച്ചില്ലെങ്കിലും നന്ദികേട് കാണിക്കരുത്. ഉപകാരസ്മരണയില്ലാത്തവർ അനവധിയുണ്ടാകും. എന്നാൽ ഉപകാരം ചെയ്തവനെ ഉപദ്രവിക്കുന്ന മനുഷ്യരെ പാമ്പിനോടുപമിക്കുന്നതാണു ശരി. പാമ്പിൽ നിന്നും ക്രുതഘ്നതയുടെ വിഷം

ചീറി വന്നു. നന്ദികേടിൻെറ പ്രതീകമായ ഞാൻ ചിരജ്ഞീവിയാണു. നിൻെറ മരണം വരെ ഞാൻ നിന്നെ ഉപദ്രവിക്കും. നിനക്ക് നന്മ അർപ്പിക്കാൻ വരുന്നവർക്കും വിഷം കൊടുത്ത് ഞാൻ എൻെറ ഭാഗത്ത് ചേർക്കും. തന്നെയുമല്ല നിഷ്ക്കളങ്കയായ ഒരു സർപ്പകന്യകയെകൊണ്ട് ഞാൻ നിന്നെ ചീത്ത വിളിപ്പിക്കും. വേലിയിൽ കിടന്ന പാമ്പിനെ എടുത്ത് മനുഷ്യ ശരീരത്തിലെ വളരെ പ്രധാനപ്പെട്ട സ്ഥലത്ത് വച്ചു എന്നു ശ്രേഷ്ഠഭാഷയായ മലയാളത്തിൽ ചൊല്ലു വരും. ആ ഭാഗം ഏതാണെന്ന് പറയാൻ ചങ്കുറപ്പില്ലാതെ നിങ്ങളും നിങ്ങളുടെ ഭാഷയും നാണിക്കും..എൻെറ വിഷം തീണ്ടിയവരാൽ ഈ സമൂഹം നിറയും അവിടെയൊന്നും പോകാൻ പറ്റാതെ നീ ഒറ്റയാകും.ഏത് നേരത്താണൂ ഈ പാമ്പിനെ അന്വേഷിച്ച് നടന്ന് അതിനു ഗുണം ചെയ്യാൻ പോയത് എന്നാലോചിച്ച് വിഷമിച്ചപ്പോൾ ഒരു കഥ ഓർമ്മ വന്നു.

ഇസ്രായേലിലെ ശൈത്യകാലത്തെ ഒരു പ്രഭാതം. മഞ്ഞ്കണങ്ങൾ അപ്പോഴും തൂങ്ങി നിൽക്കുന്ന ആ സമയത്ത് വിജനമായ വീഥിയിലൂടെ ഒരു മനുഷ്യൻ നടന്നു പൊയ്ക്കൊണ്ടിരുന്നു. വഴിയരുകിൽ മഞ്ഞിൽ പുളഞ്ഞ് ഒരു പാമ്പ് കിടക്കുന്നു. അതിനു അനങ്ങാൻ നിവർത്തിയില്ല. വഴിപോക്കനു അനുകമ്പ തോന്നി. പാമ്പ് ചത്തൊ ജീവിച്ചിരിക്കുന്നൊ എന്നറിയാൻ ആ മനുഷ്യൻ അതിനെ എടുത്ത് കയ്യിലിട്ട് തിരുമ്മി ചൂട് കൊടുത്തു. ചൂട് കിട്ടാൻ തുടങ്ങിയപ്പോൾ പാമ്പ് അനങ്ങാൻ തുടങ്ങി. സൂര്യ കിരണങ്ങൾ അയാളുടെ സൽപ്രവർത്തി കണ്ടു ഒന്നു കൂടി ശോഭിച്ചു. തണുപ്പിൽ നിന്നും അയാൾക്കും ആശ്വാസം ലഭിച്ചു. ഒരാൾ നന്മ ചെയ്യുമ്പോൾ ഈശ്വരസാന്നിദ്ധ്യം അവിടെയുണ്ടാകുന്നു എന്ന് അയാൾ കരുതി. ഇതിനിടയിൽ പാമ്പ് ക്ഷീണമെല്ലാം മാറി ഒരു മലയാളി കുട്ടപ്പനായി. മലയളിയുടെ സ്വഭാവം കാണിക്കാൻ തുടങ്ങി.

പാമ്പ് അയാളുടെ കയ്യിൽ ചുറ്റി അയാളെ കടിക്കുമെന്ന് പറഞ്ഞു. അത്കേട്ട് അത്ഭുതസ്തബ്ധനായ ആ മനുഷ്യൻ ചോദിച്ചു,. പാമ്പേ ആ മഞ്ഞിൽ കിടന്ന് ചത്തുപോകേണ്ട നിന്നെ രക്ഷിച്ചതിനു എന്നെ കടിക്കയോ? ഇതെന്തു ന്യായം. ന്യായമോ അന്യായമോ എനിക്കറിയണ്ട. എൻെറ വായിൽ വിഷം നിറഞ്ഞ് കഴിഞ്ഞാൽ നിന്നെ ഞാൻ കടുിക്കും. അന്ന് ജ്ഞാനിയായ സോളമൻെറ രാജ്യഭരണമായിരുന്നു. ആ മനുഷ്യനും പാമ്പും സോളമൻെറ മുന്നിൽ സങ്കടമുണർത്തിച്ചു. പാമ്പ് സോളമനോട് പറഞ്ഞു. സ്ത്രീ പ്രസവിച്ച ആരുടെയും ഉപ്പുകുറ്റിയിൽ കടിക്കുക എന്നത് എൻെറ മൗലികാവകാശമാണു്. അത് ദൈവം കൽപ്പിച്ചതാണു്. ഉപ്പുകുറ്റി ലോത്തിൻെറ ഭാര്യയല്ലേ എന്നു സോളമൻ ആദ്യം സംശയിച്ചെങ്കിലും അങ്ങനെയുള്ള പ്രയോഗങ്ങളാൽ സമ്രുദ്ധമല്ലേ സുഗന്ധവ്യജ്ഞ്നങ്ങൾ കയറ്റി അയക്കുന്ന നാട്ടിലെ ഭാഷ എന്ന് സമാധാനിച്ചു. എന്തായാലും പാമ്പിൻെറ ആവശ്യം അംഗീകരിക്കാൻ പറ്റാത്തതാണെന്ന് മനസ്സിലാക്കിയ സോളമൻ ചോദിച്ചു. സ്ത്രീ പ്രസവിച്ചവൻെറ മേൽ കയറിയിരുന്ന് അവനെ കടിക്കാൻ ദൈവം കൽപ്പിച്ചിട്ടില്ലല്ലോ? അത്കൊണ്ട് നീ താഴെയിറങ്ങു. പാമ്പ് താഴെയിറങ്ങുന്നതിനു മുമ്പ് സോളമൻ പാമ്പിനെ കൂട്ടി വന്നയാളോട് പറഞ്ഞു. : പാമ്പിനെ കണ്ടാൽ സ്വന്തം മടമ്പ് കൊണ്ട് അതിനെ ചവുട്ടി അരിക്കുക എന്നാണു ദൈവ കൽപ്പന. പാമ്പ് താഴെ ഇറങ്ങിയപ്പോൾ അയാൾ പാമ്പിനെ ചവുട്ടി അരച്ചു. രണ്ടു കാലിൽ നിവർന്ന് നടക്കുന്നവൻെറ മുന്നിൽ ഇഴഞ്ഞ് നടക്കുന്ന ജീവിക്ക് എന്തു ചെയ്യാൻ കഴിയും. ഉപദ്രവകാരികൾ അപകടത്തിൽ പെട്ട് കിടന്നാലും അവരെ സഹായിക്കേണ്ട കാര്യമില്ലെന്നു ഈ കഥ പഠിപ്പിക്കുന്നു. അഥവാ സഹായം എത്തിച്ചാലും സ്വരക്ഷക്ക് വേണ്ട് മുൻ കരുതൽ എടുക്കുക. നന്മകൾ ചെയ്ത് കൊണ്ടേയിരിക്കുക. നന്ദിയില്ലാത്തവരെ നന്ദിയുള്ളവരാക്കാനൊന്നും നമുക്ക് കഴിയില്ല.

നന്ദി ചൊല്ലാൻ ഒരു ദിവസമെങ്കിലും ഉപയോഗപ്പെടുത്തുന്നത് അനുഗ്രഹീതമാണു്. പരസ്പരം സഹായസഹകരണങ്ങൾ ചെയ്യുക. ദൈവത്തിൽ നിന്നും മനുഷ്യരിൽ നിന്നും കിട്ടുന്ന നന്മകൾക്ക് നന്ദിയുള്ളവരായിരിക്കുക.

ഇ-മലയാളിയുടെ നന്ദിപേടകം നന്ദി വാക്കുകളാൽ നിറയട്ടേ.. എല്ലാവർക്കും സന്തോഷപ്രദമായ "താങ്ക്സ് ഗിവിംഗ്" നേരുന്നു.

**ശുഭം**